**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ : Dr. Chithra S IAS)**

<u>സംഗ്രഹം</u>

വിഷയം :തദ്ദേശസ്വയംഭരണ വകുപ്പ് -പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–ജീവനക്കാര്യം - സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ഹെഡ് ക്ലാർക്ക് / സീനിയർ എക്സ്റ്റൻഷൻ ഓഫീസർ ലോക്കൽ സെൽഫ് ഗവൺമെൻറ് കാറ്റഗറിയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

**<u>ഉത്തരവ് നമ്പർ .LSGD/PD/53888/2023-DEB3 തീയതി:02-07-2025</u>**

പരാമർശം: 1) സ.ഉ(പി)നം 46/2024/തസ്വഭവ തീയതി 16/03/2024.

2) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 10/09/2021 തിയതിയിലെ എ1-1001/13/സിഇ/തസ്വഭവ (Vol. IV) നമ്പർ സീനിയോരിറ്റി പട്ടിക.

2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28/11/2024 തിയതിയിലെ LSGD/PD/53888/2023-DEB3 നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പിൽ ഹെഡ്ക്ലാർക്ക് തസ്തികയിൽ മുൻ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗിന്റെ കേഡർ സ്ട്രെങ്ങ്തിൽ ഉണ്ടായിട്ടുള്ള ഒഴിവിലേയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിൽ ജോലിയിൽ തുടർന്ന് വരുകയും മുൻ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനിയറിംഗ് വിംഗിൽ ജീവനക്കാരനുമായിരുന്ന ചുവടെ പറയുന്ന സീനിയർ ക്ലാർക്കിനെ 39300-83000 രൂപ ശമ്പള സ്കെയിലിൽ ഹെഡ്ക്ലാർക്ക് ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറിയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള ഓഫീസിൽ താഴെപ്പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോരിറ്റി നമ്പർ | പേര്,പെൻ,നിലവിലെ ഓഫീസ് | നിയമനം നല്കുന്ന കാര്യാലയം |
|---|---|---|---|
| 1 | 123 | രാജീവ് മാത്യു<br>471145<br>എൽ എസ് ജി ഡി എൻജിനീയറിംഗ് വിംഗ്<br>കണ്ണൂർ കോർപ്പറേഷൻ | മാടായി ഗ്രാമപഞ്ചായത്ത്<br>കണ്ണൂർ |

ടി ജീവനക്കാരന്റെ ടി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ / ഓഫീസിലെ നിയമനം 2025 - പൊതുസ്ഥലംമാറ്റ അന്തിമ കൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള സ്ഥലം മാറ്റത്തിന്മേൽ ജീവനക്കാർ സർക്കാരിൽ സമർപ്പിക്കുന്ന അപ്പീൽ അപേക്ഷ പരിശോധിച്ച് അർഹമായ ജീവനക്കാരന് സ്ഥലം നൽകുന്നതിലേക്കായി പുന: പരിശോധിക്കുന്നതായിരിക്കും. പുന:പരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേയ്ക്ക് ടിയാളെ സ്ഥലംമാറ്റേണ്ടുന്നതായി കാണുന്ന പക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് ടിയാൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. ഇത്തരത്തിൽ പുന:പരിശോധനയുടെ ഭാഗമായി സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരന്റെ, അതേ സ്റ്റേഷനിൽ തുടരുന്നതിനുള്ള അപേക്ഷകളും അവകാശവാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ/ഓഫീസ് മേധാവിമാർ സ്ഥാനക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ട ജീവനക്കാരന്റെ വിടുതൽ/പ്രവേശന നടപടികൾ അടിയന്തരമായി പൂർത്തിയാക്കേണ്ടതും, ജീവനക്കാരന്റെ വിടുതൽ/പ്രവേശന നടപടികൾ ജനറൽ ട്രാൻസ്ഫർ വെബ്സൈറ്റ് മുഖേന മാത്രമേ നടപ്പിലാക്കുന്നുള്ളൂ എന്ന് അതത് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

Dr. Chithra S IAS
PRINCIPAL DIRECTOR

പകർപ്പ് :
1. ബന്ധപ്പെട്ട ജീവനക്കാരന്(ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന).
2. ബന്ധപ്പെട്ട ജില്ലാ ജോയിൻറ് ഡയറക്ടർക്ക്.
3. ബന്ധപ്പെട്ട ഓഫീസ് അധികാരികൾക്ക്.
4. സീനിയോരിറ്റി സെൽ GEA സെക്ഷൻ/എംപവർമെൻറ് സെക്ഷൻ.
5. ഐ.റ്റി സെൽ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്).

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

Signed by
Ajith Kumar M P
Date: 02-07-2025 11:41:30